

# ഈജിപ്ത്

## സ്വേഛാധിപത്യത്തിന്റെ നേർക്കാഴ്ചകൾ

യാത്ര ● ഡോ. അബ്ദുസ്സലാം വാണിയമ്പലം

**ഈജിപ്ത്** സന്ദർശനം മുമ്പേ മനസ്സിലുള്ള ഒരാഗ്രഹമായിരുന്നു. അൽ അസ്ഹർ സർവകലാശാലയുടെ നാട്. ലോകത്തെ അമ്പതിലധികം വരുന്ന മുസ്ലിം രാഷ്ട്രങ്ങളിൽ ഭൂമിശാസ്ത്രപരമായും ജനസംഖ്യാപരമായും രാഷ്ട്രീയമായും തന്ത്രപ്രധാനമായ രാജ്യം, ഫലസ്തീന്റെ അയൽരാഷ്ട്രം, ഇന്ന് ലോകത്തെങ്ങും പ്രകടമായിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക നവജാഗരണത്തിന്റെ മുഖ്യ ചാലകശക്തിയായ അൽ ഇഖ്വാനുൽ മുസ്ലിമൂൻ എന്ന ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ആസ്ഥാനം തുടങ്ങി ഒട്ടനവധി പ്രത്യേകതകളുണ്ട് ഈജിപ്തിന്.

ഫറോവയുടെയും മൂസായുടെയും നാട്. ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്ത് അംറുബ്നുൽ ആസ് (റ) വഴി ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭാഗമായിത്തീർന്ന ഈജിപ്ത്. സൈനബ് (റ), അംറുബ്നുൽ ആസ്(റ) പോലുള്ളവർ അന്ത്യവിശ്രമം കൊള്ളുന്ന നാട്. ഇമാം ശാഫിഈയുടെയും ഇമാം മുഹമ്മദ് അബ്ദുവിന്റെയും ജന്മദേശം. ഇമാം ഹസനുൽ ബന്നായുടെയും ശഹീദ് സയ്യിദ് ഖുത്ബിന്റെയും കർമഭൂമി.

ഈ ചരിത്ര പശ്ചാത്തലങ്ങൾ മനസ്സിൽ കരുതി സന്ദർശനത്തിനെത്തുന്ന ഒരാളെ പക്ഷേ, ഈജിപ്ത് തൃപ്തിപ്പെടുത്തുകയില്ല. ചരിത്രത്തിൽ പല ദൗത്യങ്ങളും നിർവഹിക്കും എന്നു പ്രതീക്ഷിക്കുന്ന ഒരു രാജ്യത്തിന്റെ ഇന്നത്തെ അനാഥത്വം നമ്മെ നൊമ്പരപ്പെടുത്താതിരിക്കില്ല. ഇറാഖിന്റെ പതനശേഷം അറബ്ലോകത്ത് അൽപമെങ്കിലും നേതൃയോഗ്യതയുള്ള രാജ്യ

**മുബാറകിന്റേതും മകന്റേതുമല്ലാത്ത ഒരു ചിത്രം തെരുവോരങ്ങളിലെവിടെയും കാണാനാവില്ല. അവരുടെയല്ലാത്ത ഒരു രാഷ്ട്രീയപാർട്ടിയുടെയും പോസ്റ്ററും ബാനറുമില്ല. പ്രകടനങ്ങളും മുദ്രാവാക്യങ്ങളുമില്ല. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുണ്ട്. പക്ഷേ അവയൊക്കെയും മുബാറകിന്റെ അപദാനങ്ങൾ വാഴ്ത്തുന്ന വെറും മെഗാഫോണുകൾ. ഇത്തരമൊരു രാജ്യത്ത് ഭരണാധികാരി എന്തും ചെയ്യും. അവിടെ ഒരു ഭരണമുണ്ടെന്ന് നിങ്ങൾക്ക് മനസ്സിലാവുക, അറസ്റ്റുകളുടെയും സൈനികകോടതി വിധികളുടെയും വാർത്തകൾ പുറത്തുവരുമ്പോൾ മാത്രം.**

മാണല്ലോ ഈജിപ്ത്. അത്യാവശ്യം സാമ്പത്തിക സ്രോതസ്സുകളും സൈനിക ശേഷിയുമുണ്ട്. എല്ലാറ്റിനെക്കാളുമുപരിയായി മനുഷ്യ വിഭവശേഷിയുമുണ്ട്. 85 മില്യൻ മുസ്‌ലിംകളുള്ള രാജ്യമാണത്.

പക്ഷേ, പലതുമുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ഒന്നില്ല; ദിശാബോധവും നീതിസങ്കൽപവുമുള്ള നേതൃത്വം. ഉള്ളത് മുസ്‌ലിം ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏകാധിപത്യം. മറ്റു മുസ്‌ലിം രാജ്യങ്ങളിലേക്ക് ഏകാധിപത്യത്തെ കയറ്റി അയക്കുന്ന രാജ്യം.

കയ്റോയിൽ ചെന്നിറങ്ങി തിരിച്ചുപോരുന്നതുവരെ കണ്ടുമുട്ടിയ സർവമനുഷ്യരും (അവരിൽ പണ്ഡിതനും സാധാരണക്കാരനും കൂലിവേലക്കാരനും ടാക്സി ഡ്രൈവറുമൊക്കെയുണ്ട്) ഈജിപ്ഷ്യൻ തെരുവോരങ്ങളിലെ കാഴ്ചകളും, സ്വേഛാധിപത്യം ഒരു രാഷ്ട്രത്തെ നശിപ്പിക്കുന്നത് എത്ര ഭീകരമായിട്ടണെന്ന് കാണിച്ചു തരുന്നു. അഭിപ്രായ സ്വാതന്ത്ര്യം അമൂല്യമായ മൗലികാവകാശമാണ്. അതനുഭവിക്കാത്തവനേ അതിന്റെ വിലയറിയൂ. ഒന്നും പറയാനാവാതെ എല്ലാം അടക്കിപ്പിടിച്ചു കഴിയുന്ന ഒരു ജനതയുടെ നിസ്സഹായത ഇത്ര ദയനീയമായിരിക്കുമോ?

ഈജിപ്തിനുമേൽ എന്നും സ്വേഛാധിപത്യത്തിന്റെ നിഴൽ വീണു കിടപ്പുണ്ട്. അൽഅഹ്റാം സ്ട്രീറ്റിലെ ഈജിപ്ഷ്യൻ മ്യൂസിയത്തിൽ കിടക്കുന്ന ഫറോവ ആ സ്വേഛാധിപത്യത്തിന്റെ നാൾവഴികൾ ഓർമിപ്പിച്ചു.

"ഇന്ന്, നിന്റെ ജഡം മാത്രം നാം രക്ഷപ്പെടുത്തും. പിൻതലമുറകൾക്ക് നീ ഒരു ദൃഷ്ടാന്തമാകേണ്ടതിന്. അധിക ജനവും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ചു ബോധമില്ലാത്തവരാണെങ്കിലും" (*യൂനുസ്* 92).

അല്ലാഹു ചെങ്കടലിൽ മുക്കിക്കൊന്ന റംസീസ് രണ്ടാമൻ ഖുർആന്റെ അമാനുഷികതക്ക് തെളിവായി മ്യൂസിയത്തിൽ കിടക്കുന്നു. 'കടലിൽനിന്ന് കണ്ടെടുത്ത അസ്ഥികൂടം' എന്ന് അടുത്തുതന്നെ കുറിച്ചുവെച്ചിട്ടുണ്ട്. മറ്റു രാജാക്കന്മാരുടെ അസ്ഥികൂടങ്ങളിൽനിന്ന് വ്യത്യസ്തമാണ് ഫറോവയുടേത്. വലിയ കൈകാലുകൾ, ദീർഘകായൻ. ഒരു ഏകാധിപതിയുടെ ശരീരഭാഷ ഇപ്പോഴും ആ ഫോസിലുകളിൽനിന്ന് വായിച്ചെടുക്കാം.

സ്വേഛാധിപത്യത്തിൽനിന്ന് നൂറ്റാണ്ടുകൾക്കു ശേഷവും ഈജിപ്തിന് മുന്നോട്ടുപോകാനായില്ല. ഹസനുൽ ബന്നായെ കൊന്ന ഫാറൂഖ് രാജാവിലൂടെ, സയ്യിദ് ഖുത്ബിനെ കൊന്ന ജമാൽ അബ്ദുന്നാസിറിലൂടെ, ഇസ്രയേലുമായി രാജിയായ അൻവർ സാദാത്തിലൂടെ അത് ഹുസ്നി മുബാറകിൽ എത്തിനിൽക്കുന്നു. ഇനി മകൻ ജമാൽ മുബാറകിനുവേണ്ടി വഴിയൊരുക്കൽ നടന്നുകൊണ്ടിരിക്കുന്നു.



*മഹ്ദി ആകിഫും ലേഖകനും*

**ആകാംക്ഷയോടെ ലിഫ്റ്റിൽ നിന്നിറങ്ങിയപ്പോൾ മുന്നിലെ വാതിലിൽ ചെറുതായി 'അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്നെഴുതിയ ഒരു സ്റ്റിക്കർ കണ്ടു. അകത്ത് കടന്നപ്പോൾ ഇടുങ്ങിയ മൂന്നു മുറികൾ. ഈജിപ്തിൽ 88 പാർലമെന്റംഗങ്ങളോടെ മുഖ്യ പ്രതിപക്ഷ സ്ഥാനവും എഴുപതിലധികം രാജ്യങ്ങളിൽ ശാഖകളും പലരാജ്യങ്ങളിലും ഭരണപങ്കാളിത്തവും മുഖ്യപ്രതിപക്ഷ സ്ഥാനവും പാർലമെന്റംഗങ്ങളും ഹമാസ് പോലുള്ള പോരാട്ട പ്രസ്ഥാനങ്ങളുമൊക്കെയുള്ള, ഇസ്‌ലാമിക നവോത്ഥാനത്തെ മുന്നിൽ നിന്നു നയിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക ബഹുജനപ്രസ്ഥാനത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് ഇതുതന്നെയോ എന്നു ഞാനമ്പരന്നു.**

1981 മുതൽ രാജ്യത്ത് അടിയന്തരാവസ്ഥയാണ്. മുബാറകിന്റേതും മകന്റേതുമല്ലാത്ത ഒരു ചിത്രം തെരുവോരങ്ങളിലെവിടെയും കാണാനാവില്ല. അവരുടെയല്ലാത്ത ഒരു രാഷ്ട്രീയപാർട്ടിയുടെയും പോസ്റ്ററും ബാനറുമില്ല. പ്രകടനങ്ങളും മുദ്രാവാക്യങ്ങളുമില്ല. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുണ്ട്. പക്ഷേ അവയൊക്കെയും മുബാറകിന്റെ അപദാനങ്ങൾ വാഴ്ത്തുന്ന വെറും മെഗാഫോണുകൾ. ഇത്തരമൊരു രാജ്യത്ത് ഭരണാധികാരി എന്തും ചെയ്യും. അവിടെ ഒരു ഭരണമുണ്ടെന്ന് നിങ്ങൾക്ക് മനസ്സിലാവുക, അറസ്റ്റുകളുടെയും സൈനികകോടതി വിധികളുടെയും വാർത്തകൾ പുറത്തുവരുമ്പോൾ മാത്രം. മറ്റൊരുനിലക്കും അങ്ങനെയൊരു ഭരണകൂടമുള്ളത് ജനം അറിയുന്നില്ല. തകർന്നടിഞ്ഞ റോഡുകൾ, ജീർണിച്ച കെട്ടിടങ്ങൾ, '70 മോഡൽ ടാക്സി കാറുകൾ, ഭിക്ഷയാചിക്കുന്ന പെൺകുട്ടികളും ഉമ്മമാരും. നിർമാണപ്രവർത്തനങ്ങൾ ഇല്ല എന്നു പറയാം. അവശ്യവസ്തുക്കളുടെ വില കേരളത്തിലേതിനേക്കാൾ ഏതാണ്ടിരട്ടി. ലോകത്തിലെ വൻ മുതലാളിമാരുണ്ട് ഈജിപ്തിൽ. ഉത്തരേന്ത്യൻ മുസ്‌ലിംകളെ അനുസ്മരിപ്പിക്കുന്ന പരമദരിദ്രരും ആ രാജ്യത്തുണ്ട്. സാമ്പത്തികരംഗത്ത് കടുത്ത അന്തരം, വിവേചനം. പൊതുമേഖല സ്ഥാപനങ്ങളെ അധികാരത്തിന്റെ തലപ്പത്തുള്ളവർ സ്വകാര്യ മുതലാളിമാർക്ക് വിറ്റ് കാശാക്കുന്നു. പൗരന്മാരിൽ ഭൂരിഭാഗവും തൊഴിൽ രഹിതർ. സർക്കാറുദ്യോഗം ലഭിച്ചിട്ടുള്ളവർ പോലും ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ പാടുപെടുന്നു.

## അൽ അസ്ഹറിന്റെ നഷ്ട പ്രതാപം

ഈജിപ്തിലെ ഇസ്‌ലാമിക പ്രതാപത്തിന്റെ വിളംബരമായ അൽഅസ്ഹറിന്റെ പടികൾ കയറിയതും ഏറെ പ്രതീക്ഷയോടെയായിരുന്നു. പക്ഷേ, പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളിൽ അസ്ഹർ തൊപ്പിയിട്ടിരിക്കുന്ന 'മിസ്കീൻ'മാരായ പണ്ഡിതന്മാരുടെ ദയനീയഭാവങ്ങളാണ് എതിരേറ്റത്. കേരളത്തിലെ ഒരു സർക്കാർ സർവകലാശാലയുടെ സൗകര്യം പോലും മുബാറക് ഭരണകൂടം ലോകപ്രശസ്ത ഇസ്‌ലാമിക സർവകലാശാലയായ അസ്ഹറിനു നൽകിയിട്ടില്ല. ഏറെ പേരുകേട്ട അസ്ഹർ പള്ളിയിൽ ജുമുഅയിൽ പങ്കെടുക്കുക ഒരാഗ്രഹമായിരുന്നു. പള്ളിയുടെ ഘനഗാംഭീര്യമാർന്ന മിമ്പർ, അതിന്റെ എട്ടാമത്തെയോ ഒമ്പതാമത്തെയോ പടികളിൽ കയറിയാണ് ഖത്വീബ് ഖുത്ബ നിർവഹിക്കുന്നത്. ബനൂ ഇസ്രാഈലിന്റെ ചരിത്രം മുമ്പിൽവെച്ച് ആനുകാലിക ജൂതസമൂഹത്തെ വിശകലനം ചെയ്യുന്ന ഖുത്ബ, സുന്ദരമായ അറബി ഭാഷയിൽ. പക്ഷേ ആ പള്ളി ദൽഹി ജുമാ മസ്ജിദിനെയാണ് ഓർമിപ്പിച്ചത്. അത്രയും അസൗകര്യങ്ങൾ. മോഷ്ടാക്കളെ പേടിച്ച് ചെരുപ്പു

മായി നടക്കുന്ന നമസ്കാരക്കാർ. ജുമു അക്കുശേഷം പള്ളിയിൽ വിളമ്പുന്ന ഭക്ഷണത്തിന് തിക്കിത്തിരക്കുന്ന ദരിദ്രർ. '1998-ൽ പ്രസിഡന്റ് ഹുസ്നി മുബാറക് പുതുക്കിപ്പണിതു' എന്നെഴുതിവെച്ചിട്ടുണ്ടെങ്കിലും ആ പള്ളിക്ക് ഒരു പരിചരണവും ലഭിച്ചതായി അനുഭവപ്പെട്ടില്ല.

ഇത്തരം ഒരു സംവിധാനത്തിൽ സർക്കാറിനുവേണ്ടി ഫത്വയിറക്കിക്കൊണ്ടിരിക്കുന്ന 'ശൈഖുൽ അസ്ഹർ' ഉണ്ടായില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ.

അൽഅസ്ഹർ സർവകലാശാലയുടെ പാഠ്യരീതികളെയും ഭരണ സംവിധാനങ്ങളെയും പൊളിച്ചെഴുതാൻ ഇമാം മുഹമ്മദ് അബ്ദു (1949-1905) ചില ശ്രമങ്ങൾ നടത്തിയതായി പറയാറുണ്ട്. പാഠ്യപദ്ധതിയിൽ അദ്ദേഹം സമൂലമായ മാറ്റം തന്നെ ആഗ്രഹിച്ചിരുന്നു. താങ്കളെ താങ്കളാക്കിയ അസ്ഹറിനെയാണോ വിമർശിക്കുന്നതെന്നു ചോദിച്ചപ്പോൾ, 'ആ അസ്ഹർ എന്റെ മസ്തിഷ്കത്തിൽ തെറിപ്പിച്ച ചെളി ശുദ്ധീകരിക്കാൻ പത്തിലധികം വർഷമെടുത്തു, എന്നിട്ടും ഞാൻ വിചാരിച്ചതുപോലെ അതിനെ ശുദ്ധീകരിക്കാനെനിക്കായിട്ടില്ല' എന്നു ഇമാം പറഞ്ഞത്രെ. ഗവൺമെന്റ് അസ്ഹർ ഭരണത്തിൽ ഇടപെടുന്നത് നിർത്തണമെന്നും, ഒരിക്കലും അവിടെ വിദേശ സ്വാധീനം അനുവദിക്കരുതെന്നും മുഹമ്മദ് അബ്ദു ആഗ്രഹിച്ചിരുന്നു. പക്ഷേ, ഇന്നും അതൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു. അൽഅസ്ഹർ അതിന്റെ പരമ്പരാഗത രീതികളിൽ നിന്ന് വല്ലാതെയൊന്നും മുന്നോട്ടുപോയില്ല. കാലഘട്ടത്തിന്റെ പണ്ഡിതന്മാരെ സൃഷ്ടിക്കുന്നതിന്ന് കാലാനുസൃതമായ മാറ്റങ്ങൾ അതുൾക്കൊള്ളേണ്ടിയിരുന്നു. പക്ഷേ അതൊക്കെ ആരെ അസ്വസ്ഥപ്പെടുത്താൻ, നിസ്സഹായരായ കുറെ മനുഷ്യരെയല്ലാതെ. അസ്ഹർ ഭരിക്കുന്നവർക്ക് ഇപ്പോഴുള്ളതിനേക്കാൾ പുരോഗമിച്ച ഒരസ്ഹറിനെ ആവശ്യമില്ലല്ലോ. മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് പേടിക്കേണ്ട കാര്യങ്ങൾ എണ്ണിപ്പറഞ്ഞപ്പോൾ, ശത്രുക്കൾ അസ്ഹറിന്റെ പേര് പറഞ്ഞത് ചേർത്തുവായിക്കുക. ഇന്ന് അസ്ഹറിനെ ആർക്കാണു പേടി?

അസ്ഹറിന്റെ മേലധികാരികളിൽ പലരും ചിന്താപരമായി 'തസ്വവ്വുഫി'ന്റെ കൂടെയാണെന്നു തോന്നി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമില്ലെങ്കിലും, അതവരെ ഇസ്‌ലാമിന്റെ സാമൂഹിക-രാഷ്ട്രീയ പരിസരങ്ങളിൽനിന്ന് അകറ്റിനിർത്തിയിട്ടുണ്ട്. ശൈഖ് യൂസുഫുൽ ഖറദാവിയെപ്പോലുള്ളവരെ അവർ ആദരിക്കുന്നു. പക്ഷേ, അൽ ഇഖ്‌വാനുൽ മുസ്‌ലിമൂനെ ഉൾക്കൊള്ളാൻ തയാറല്ല. വഹാബിസത്തോട് കടുത്ത ശത്രുതയുണ്ട്. എന്നാൽ ഇമാം മൗദൂദിയോട്, ഇമാം ഹസനുൽ ബന്നായോടുള്ള വിയോജിപ്പു പോലുമില്ല. പകരം മൗദൂദിയോട്, ഒരു ഇസ്‌ലാമിക ദാർശനികനെന്ന മതിപ്പു പുലർത്തുന്നു.

അസ്ഹർ പണ്ഡിതന്മാരിലും വിദ്യാർഥികളിലും ഇഖ്‌വാൻ ചിന്ത പുലർത്തുന്ന നല്ലൊരു വിഭാഗമുണ്ടെന്നത് ശരിയാണ്. അവരാണ് ഗസ്സ പോലുള്ള വിഷയങ്ങളിൽ എല്ലാ വിലക്കുകളും ലംഘിച്ച് തെരുവിലിറങ്ങുന്നതും പ്രകടനങ്ങൾ നടത്തുന്നതും. ഇഖ്‌വാന്റെ പ്രവർത്തനമേഖലകളിൽ പ്രധാനമാണ് അസ്ഹർ സർവകലാശാല.

## ഇഖ്‌വാൻ നേതാക്കളുടെ കൂടെ

അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ഹെഡ് ക്വാർട്ടേഴ്സിലേക്ക് പോയത് ഒറ്റക്ക് ടാക്സിയിലാണ്. വാഹനവും സഹായികളുമില്ലാത്തതുകൊണ്ടല്ല. അവർതന്നെ നിർദേശിച്ചതായിരുന്നു ടാക്സി യാത്ര. ഇല്ലെങ്കിൽ തങ്ങൾ 'കുറ്റവാളികളാ'വും.

അൽ മനിയയിലെ കിംഗ് സ്വാലിഹ് സ്ട്രീറ്റിലെ ഇഖ്‌വാൻ ഹെഡ് ക്വാർട്ടേഴ്സ് തെരഞ്ഞ് ഡ്രൈവർ എന്നെയും കൊണ്ടു കുറെ കറങ്ങി. അവസാനം ജീർണിച്ച ഒരു ബിൽഡിംഗിന്റെ മുന്നിൽ വണ്ടി നിന്നു. അതിന്റെ മൂന്നാം നിലയിലാണ് ഓഫീസ്. ആകാംക്ഷയോടെ ലിഫ്റ്റിൽ നിന്നിറങ്ങിയപ്പോൾ മുന്നിലെ വാതിലിൽ ചെറുതായി 'അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്നെഴുതിയ ഒരു സ്റ്റിക്കർ കണ്ടു. ഇഖ്‌വാൻ ഹെഡ് ക്വാർട്ടേഴ്സിന്റെ ഏക നാമ ഫലകം. പുറത്തെങ്ങും ബോർഡില്ല. അകത്ത് കടന്നപ്പോൾ ഇടുങ്ങിയ മൂന്നു മുറികൾ. ഈജിപ്തിൽ 88 പാർലമെന്റംഗങ്ങളോടെ മുഖ്യ പ്രതിപക്ഷ സ്ഥാനവും എഴുപതിലധികം രാജ്യങ്ങളിൽ ശാഖകളും പലരാജ്യങ്ങളിലും ഭരണപങ്കാളിത്തവും മുഖ്യപ്രതിപക്ഷ സ്ഥാനവും പാർലമെന്റംഗങ്ങളും ഹമാസ് പോലുള്ള പോരാട്ട പ്രസ്ഥാനങ്ങളുമൊക്കെയുള്ള, ഇസ്‌ലാമിക നവോത്ഥാനത്തെ മുന്നിൽ നിന്നു നയിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക ബഹുജനപ്രസ്ഥാനത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് ഇതുതന്നെയോ എന്നു ഞാനമ്പരന്നു.

ഇഖ്‌വാന്റെ അൽ മുർശിദുൽ ആം മുഹമ്മദ് മഹ്ദി ആകിഫ്, അസി. മുർശിദ് ഡോ. മുഹമ്മദ് ഹബീബ്, ഇഖ്‌വാൻ നേതാക്കളിൽ പ്രമുഖനും മുൻ എം.പിയുമായ ഡോ. ഉസാമുൽ ഉർയാൻ എന്നിവരുമായാണ് കൂടിക്കാഴ്ചയൊരുക്കിയിരുന്നത്. കഴിഞ്ഞ ദിവസം, ജയിലുകളിലുള്ള ഇഖ്‌വാൻ സഹോദരന്മാരെ സന്ദർശിച്ച വിവരം പറഞ്ഞുകൊണ്ടാണ് മഹ്ദി ആകിഫ് സംസാരിച്ചു തുടങ്ങിയത്. ഗസ്സ പ്രശ്നത്തിൽ പ്രകടനങ്ങൾ സംഘടിപ്പിച്ചതിന്റെ പേരിൽ കുറെ പ്രവർത്തകരെ പുതുതായി അറസ്റ്റു ചെയ്തിട്ടുമുണ്ട്. പ്രസിഡന്റ് ഹുസ്നി മുബാറക്കിന്റെ പ്രത്യേക ഉത്തരവുപ്രകാരം ഇഖ്‌വാനികളെ സൈനിക കോടതിയിലാണ് വിചാരണ ചെയ്യുന്നത്. അതുകൊണ്ട്, നീതിയുടെ പ്രാഥമിക താൽപര്യങ്ങൾ പോലും പാലിക്കപ്പെടുകയില്ല.

ഗസ്സ പ്രശ്നത്തിൽ സയണിസ്റ്റ് താൽപര്യങ്ങൾ സംരക്ഷിക്കുന്ന അറബ് ഭരണകൂടങ്ങൾക്കെതിരെ മുർശിദ് ആഞ്ഞടിച്ചത് ഈ കൂടിക്കാഴ്ചയുടെ തലേ ദിവസമായിരുന്നു. അതിന്റെ അനുരണനമായി കൂടുതൽ അറസ്റ്റു പ്രതീക്ഷിച്ചിരിക്കുകയായിരുന്നു നേതൃത്വം.

ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമിയുടെ അവസ്ഥയെയും പ്രവർത്തനങ്ങളെയും കുറിച്ച് മുർശിദ് ചോദിച്ചറിഞ്ഞു. ഇമാം മൗദൂദി നേരിട്ട പരീക്ഷണങ്ങളെ അനുസ്മരിച്ചു. എന്നിട്ടുപറഞ്ഞു: "നിങ്ങളുടെ രാജ്യം സന്ദർശിക്കണമെന്ന് വലിയ ആഗ്രഹമുണ്ട്. പക്ഷേ എന്തു ചെയ്യാൻ?"

മഹ്ദി ആകിഫിനും ഡോ. ഹബീബിനും ഡോ. ഉസാമുൽ ഉർയാനുമൊന്നും വിദേശയാത്രക്കനുമതിയില്ല. ഹജ്ജിനും ഉംറക്കും പോകാനുള്ള ശ്രമം പോലും അധികൃതർ തടയുകയാണ്.

'ഇഖ്‌വാന് ഈജിപ്തിൽ വലിയ സ്വാധീനമുണ്ടെന്നും നിലവിലുള്ള തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾക്കുപകരം സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടന്നാൽ ഇഖ്‌വാൻ വിജയിക്കുമെന്നും സാധാരണ പറയാറുണ്ട്. ഇതു വസ്തുനിഷ്ഠമാണോ?' ഞാൻ ചോദിച്ചു. ഡോ. ഹബീബാണ് മറുപടി പറഞ്ഞത്. "444 സീറ്റാണ് ഈജിപ്ഷ്യൻ പാർലമെന്റിലുള്ളത്. അതിൽ, കഴിഞ്ഞ തവണ ഞങ്ങൾ മത്സരിച്ചത് 161 സീറ്റിൽ മാത്രമായിരുന്നു. (തങ്ങൾ ഭൂരിപക്ഷം നേടി ഭരണത്തിലെത്താനുദ്ദേശിക്കുന്നില്ല, പകരം പാർലമെന്റിൽ സാന്നിധ്യമേ ഉദ്ദേശിക്കുന്നുള്ളൂ എന്ന് ഭരണകൂടത്തെ സാന്ത്വനിപ്പിക്കുന്നതിനാണ് മുഴുവൻ സീറ്റിലും മത്സരിക്കാത്തത്). അതിൽ 88 സീറ്റിൽ വിജയിച്ചു. 40 സീറ്റിൽ ഗവൺമെന്റ് വ്യക്തമായ കൃത്രിമം കാണിച്ചു. യഥാർഥത്തിൽ ഞങ്ങൾ വിജയിച്ച സീറ്റുകളായിരുന്നു അത്. അപ്പോൾ, മത്സരിച്ച

161 സീറ്റിൽ ഫലത്തിൽ ഇഖ്‌വാന് 128 സീറ്റ് ലഭിച്ചുവെന്നർഥം. ഇത്തരം കണക്കുകൾ മുമ്പിൽ വെച്ചുകൊണ്ടാണ് സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടന്നാൽ ഇഖ്‌വാൻ ഭൂരിപക്ഷം നേടും എന്നു പറയുന്നത്.''

ഇഖ്‌വാന്റെ സ്വാധീനത്തെക്കുറിച്ചു പറയുമ്പോൾ ഈജിപ്ഷ്യൻ പൗരന്മാർ ഭൂരി ഭാഗവും അതിന്റെ ഘടനയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് ഒരിക്കലും അർഥമില്ല. പകരം ഈജിപ്ഷ്യൻ തെരുവുകളെ ഇളക്കാൻ ഇഖ്‌വാന് കഴിയും എന്നേ അർഥമുള്ളൂ. സ്വേഛാധിപത്യ ഭരണകൂടത്തിനു ബദലായി ജനങ്ങൾ പ്രതീക്ഷയർപ്പിക്കുന്നത് ഇഖ്‌വാനിലാണ്.

1928-ൽ രൂപീകൃതമായി, 1948-ൽ നിരോധിക്കപ്പെട്ട ശേഷം ജമാൽ അബ്ദുന്നാസിറിന്റെ ഭരണത്തിന്റെ ആദ്യ വർഷങ്ങളിലും അൻവർ സാദാത്തിന്റെ ആദ്യവർഷങ്ങളിലുമൊഴിച്ച് ഇന്നേവരെയും നിരോധത്തിലാണ് ഇഖ്‌വാൻ. "ഇത്തരമൊരു സാഹചര്യത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുകയും ജനസ്വാധീനം നേടുകയും ചെയ്യുന്നത്?''

ഡോ. ഹബീബിന്റെ മറുപടി: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ പ്രവർത്തനങ്ങൾ താഴെതട്ടിൽ, പട്ടണങ്ങളിൽ, ഗ്രാമഗ്രാമാന്തരങ്ങളിൽ വ്യവസ്ഥാപിതമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ട്രേഡ് യൂനിയനുകളാണ് ഞങ്ങളുടെ മുഖ്യമായൊരു പ്രവർത്തന മേഖല. അധ്യാപകരുടെയും ഡോക്ടർമാരുടെയും ഫാർമസിസ്റ്റുകളുടെയും എഞ്ചിനീയർമാരുടെയും മാധ്യമപ്രവർത്തകരുടെയുമൊക്കെ യൂനിയനുകളിൽ ഇഖ്‌വാൻ പ്രവർത്തകർക്കാണ് മേൽക്കൈ. ജനസ്വാധീനം വർധിപ്പിക്കുന്നതിൽ ഞങ്ങൾക്കുപകാരപ്പെടുന്ന മുഖ്യമായ വേദികൾ അവയാണ്.''

'ഭാവിയെക്കുറിച്ച എന്താണ് നിങ്ങളുടെ പ്രതീക്ഷ? നിലവിലുള്ള സാഹചര്യത്തിൽ മാറ്റം പ്രതീക്ഷിക്കാമോ?' എന്നു ചോദിച്ചപ്പോൾ 'ഞങ്ങൾക്ക് ശുഭാപ്തി വിശ്വാസമാണുള്ളത്, അല്ലാഹു സഹായിക്കാതിരിക്കില്ല' എന്ന മറുപടി. ഹുസ്നി മുബാറക്ക് പിൻഗാമിയായി വാഴിക്കാൻ പോകുന്ന മകൻ ജമാൽ മുബാറക്കിനെക്കുറിച്ച് ചോദിച്ചപ്പോൾ 'പിതാവിനേക്കാൾ മോശം' എന്നായിരുന്നു പ്രതികരണം.

## ജമാഅത്തിന്റെ രാഷ്ട്രീയ ചുവടുവെപ്പ്

സംഭാഷണത്തിന്റെ ഒടുവിലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ രാഷ്ട്രീയ ചുവടുവെപ്പിനെപ്പറ്റി ഞാൻ പറഞ്ഞത്. ഇഖ്‌വാന്റെ ഇപ്പോഴത്തെ മുഖ്യ മസ്തിഷ്കവും രാഷ്ട്രീയ വിശകലന വിദഗ്ധനുമായ ഡോ. ഉസാമുൽ ഉർയാൻ പറഞ്ഞു: "താങ്കളുടെ സംഭാഷണത്തിൽ ആദ്യം പറയേണ്ടത് ഇതായിരുന്നു. വളരെ സ്വാഗതാർഹമായ തീരുമാനം. ജമാഅത്തെ ഇസ്‌ലാമി എത്രയോ മുമ്പ് തീരുമാനിക്കേണ്ടതായിരുന്നു ഈ ചുവടുവെപ്പ്''. എന്നിട്ടദ്ദേഹം തുടർന്നു: "നമുക്കു മുന്നോട്ടു പോകാതെ വയ്യ. അമ്പതുകളിലെയും അറുപതുകളിലെയും ചിന്തകളിൽ പ്രസ്ഥാനം ഉടക്കി നിൽക്കരുത്. പഴയ വർത്തമാനങ്ങളെക്കുറിച്ച് പുനർവിചിന്തനങ്ങൾ വേണം. വ്യക്തികളുണ്ടാക്കുന്ന നിയമങ്ങളും ഘടനകളും എന്നും നിർബന്ധമായും പാലിക്കേണ്ടവയാണെന്ന് ധരിക്കരുതെന്ന് ഇമാം ഹസനുൽ ബന്നാ പറഞ്ഞിട്ടുണ്ട്. പുതിയ കാലഘട്ടത്തിനു പുതിയ ഇജ്തിഹാദ് വേണം. നിങ്ങളുടെ പുതിയ സാഹചര്യങ്ങളെ വിലയിരുത്തി നിലപാടുകൾ നിർദേശിക്കാൻ കഴിയുന്ന, മുജ്തഹിദുകളുൾക്കൊള്ളുന്ന ഒരു സ്ഥിരം സമിതി നിങ്ങൾക്കുണ്ടാവണം. രാഷ്ട്രീയ പാർട്ടി രൂപവത്കരണം വളരെ പ്രധാനമാണ്. എല്ലാ ഇന്ത്യൻ പൗരന്മാർക്കും അതിൽ അംഗത്വം നൽകണം. ഈഗണത്തിൽ തുർക്കിയിലെ ഉർദുഗാന്റെ പരീക്ഷണങ്ങൾ നിങ്ങൾ പഠിക്കേണ്ടതാണ്.''

മുസ്‌ലിം മതഗ്രൂപ്പുകൾ നാം നടത്തുന്ന പുതിയ ഇജ്തിഹാദുകളിൽ ബഹളംവെക്കുക സ്വാഭാവികമാണെന്നും പക്ഷേ, അത് ഇജ്തിഹാദ് നടത്താൻ നമുക്ക് തടസ്സമായിക്കൂടാ എന്നും ഡോ. ഉസാമുൽ ഉർയാൻ അടിവരയിട്ടു.

ഈജിപ്തിലേക്കുള്ള യാത്രയുടെ തൊട്ടുമുമ്പ് ഖത്തറിൽവെച്ച് ശൈഖ് യൂസുഫുൽ ഖറദാവിയെയും ഡോ. അലി ഖുർറദാഗിയെയും കണ്ടപ്പോഴും, ജമാഅത്ത് മുൻകൈയ്യെടുത്ത് രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാൻ തീരുമാനിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. വർധിച്ച ആവേശത്തോടെ 'ഏറെ ശ്ലാഘനീയം' എന്നാണ് ഇരുവരും വിശേഷിപ്പിച്ചത്. മുസ്‌ലിം മതസംഘടനകൾ, വിശിഷ്യാ സലഫികൾ എതിർപ്പുമായി രംഗത്തുവന്നു കഴിഞ്ഞുവെന്നു പറഞ്ഞപ്പോൾ ശൈഖ് ഖറദാവി പറഞ്ഞു: "അവർ കുവൈത്തിലും ബഹ്റൈനിലുമൊക്കെ അങ്ങനെത്തന്നെയായിരുന്നു. എന്നാൽ പിന്നീട് നിലപാടുമാറ്റി ഇസ്‌ലാമിസ്റ്റുകൾക്കൊപ്പം ചേർന്ന് സജീവമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതാണു കണ്ടത്.'' ■